1) കേരള സാഹിത്യ അക്കാഡമി, തൃശ്ശൂർ
2) കേരള ലളിതകലാ അക്കാഡമി, തൃശ്ശൂർ
3) കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ
4) കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ
5) കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി, തിരുവനന്തപുരം
6) കേരള കലാമണ്ഡലം ഡീമ്ഡ് യൂണിവേഴ്സിറ്റി ഫോർ ആർട്ട് & കൾച്ചർ, തൃശ്ശൂർ
7) കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
8) കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
9) കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
10) മലയാളം മിഷൻ, തിരുവനന്തപുരം
11) കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, തിരുവനന്തപുരം
12) ഡിപ്പാർട്ടുമെന്റ് ഓഫ് സെന്റർ ഫോർ ഹെറിറ്റേജസ് സ്റ്റഡീസ്, എറണാകുളം
13) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം
14) വാസ്തുവിദ്യാ ഗുരുകുലം, പത്തനംതിട്ട
15) വൈലോപ്പിള്ളി സംസ്കൃതി ഭവൻ, തിരുവനന്തപുരം
16) ഗുരു ഗോപിനാഥ് നടനഗ്രാമം, തിരുവനന്തപുരം
17) കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
18) മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമി, മലപ്പുറം
19) ശ്രീനാരായണ ഇൻറർനാഷണൽ സ്റ്റഡി സെന്റർ, തിരുവനന്തപുരം
20) ഭാരത് ഭവൻ, തിരുവനന്തപുരം
21) കൊങ്കിണി സാഹിത്യ അക്കാദമി, എറണാകുളം
22) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
23) കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ, തിരുവനന്തപുരം
24) കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ, കൊല്ലം
25) കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ, ആലപ്പുഴ
26) കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ, കോട്ടയം
27) കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ, തൃശ്ശൂർ

| | | | |
|---|---|---|---|
| 4 | നാട്ടരങ്ങ് | 23.7 | ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പൊതുവേദികളുടെ ദൗർലഭ്യത്തിന് പരിഹാരമായി പൊതുഇടങ്ങൾ കണ്ടെത്തുന്ന പദ്ധതിയിൻ കീഴിൽ പാലക്കാട് ജില്ലയിൽ വടക്കഞ്ചേരിയിൽ നാട്ടരങ്ങ് സ്ഥാപിച്ചു. സംസ്ഥാനത്തെ രണ്ടാമത്തെ നാട്ടരങ്ങിന്റെ നിർമ്മാണം ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ പുരോഗമിച്ചു വരുന്നു. |
| 5 | ശ്രീനാരായണഗുരു പ്രതിമ | 119.00 | ശ്രീനാരായണഗുരു ദേവന്റെ നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികാചരണത്തിന്റെ ഭാഗമായി ഗുരുദേവന്റെ പൂർണ്ണകായ വെങ്കല പ്രതിമ തൈയ്ക്കാട് വില്ലേജിലെ മ്യൂസിയം പോലീസ് സ്റ്റേഷനും കനകക്കുന്നിനും എതിർവശത്തായുള്ള പാർക്കിൽ അനാച്ഛാദനം ചെയ്തു. |
| 6 | കോവിഡ് സമാശ്വാസ പദ്ധതി | 856 | കോവിഡ് മഹാമാരി മൂലം ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയ മറ്റ് ആനുകൂല്യങ്ങളോ, പെൻഷനോ ഇതുവരെ ലഭിച്ചിട്ടില്ലാത്ത 32,000 പേർക്ക് 2000 രൂപാ നിരക്കിൽ ധനസഹായം ഒന്നാം ഘട്ടത്തിൽ അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 30,000 പേർക്ക് 1000/- രൂപാ നിരക്കിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ധനസഹായ വിതരണം പൂർത്തിയായി വരുന്നു. |
| 7 | സാംസ്കാരിക വ്യാപനം | 415.47 | അനന്തവിലാസം കൊട്ടാരത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം ഒരു സാംസ്കാരിക സൗധമാക്കി മാറ്റി. സൗധത്തിൽ കേരള ലളിതകലാ അക്കാദമിയുടെ ആർട്ട് ഗാലറി, കേരള ചരിത്ര പൈതൃക ഫോട്ടോ ഗാലറി, വാസ്തുവിദ്യാ ഗുരുകുല ചുമർചിത്ര, ചിത്ര ഗാലറി, എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. സാംസ്കാരിക വ്യാപനത്തിന്റെ ഭാഗമായി പാലക്കാട് ഇന്ത്യൻ ജനകീയ സാംസ്കാരികോത്സവവും കേരള-തമിഴ് നാട് സാംസ്കാരിക വിനിമയ പരിപാടിയും, ഇന്ത്യൻ ട്രൈബൽ ഫെസ്റ്റ്, ഫോക് ഫെസ്റ്റ്, ഡൽഹി-കേരള പൈതൃകോത്സവവും ഇന്റർ നാഷണൽ പൊയട്രി ഫെസ്റ്റ്, ബാംബേ ബാംബു ഇന്ററാക്ടീവ് മ്യൂസിക് ബാൻഡ്, ഛത്തീസ്ഗഡ് നാഷണൽ ട്രൈബൽ ഫെസ്റ്റ്, കേരള തെലുങ്കാന സാംസ്കാരിക വിനിമയ പരിപാടി, തീയേറ്റർ ഫാർമെ എന്നിവയും സംഘടിപ്പിച്ചു. കോവിഡ് കാലത്ത് |

| | | | |
|---|---|---|---|
| | | | ഡോ. കപിലാവാത്സ്യായന്റെ സ്മരണാർത്ഥം ദേശീയ നൃത്തോത്സവം ഓൺ ലൈനായും സംഘടിപ്പിച്ചു. സാംസ്കാരിക വകുപ്പിന്റെ വെബ്സൈറ്റ് വിവിധ ഭാഷകളിൽ പരിഭാഷപ്പെടുത്തി സാംസ്കാരിക വ്യാപനം ഉറപ്പാക്കി. |
| 8 | കലാകാര പെൻഷൻ | 2625.00 | സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും നൽകി വരുന്ന പ്രതിമാസ സാമ്പത്തിക സഹായമായ കേരള സംസ്ഥാന കലാകാര പെൻഷൻ 750 രൂപയിൽ നിന്നും 1500/- രൂപയായും തുടർന്ന് 1600/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1320 പുതിയ കലാകാരന്മാർക്ക് പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ 2868 കലാകാരന്മാർക്ക് പുതുക്കിയ നിരക്കിൽ പെൻഷൻ നൽകി വരുന്നു. |
| 9 | ആശ്രിത പെൻഷൻ | 26.00 | പ്രമുഖരായ കലാകാരന്മാരുടേയും സാഹിത്യകാരന്മാരുടേയും. വിധവകൾക്കും ആശ്രിതർക്കും സാംസ്കാരിക വകുപ്പ് മുഖാന്തിരം നൽകി വരുന്ന പ്രതിമാസ ധനസഹായ പദ്ധതിയിൻ കീഴിൽ, അന്തരിച്ച സാഹിത്യകാരൻ എം. സുകമാരന്റെ ഭാര്യ ശ്രീമതി മീനാക്ഷിക്കും, സംഗീത സംവിധായകനായിരുന്ന എം. കെ, അർജ്ജുനൻ മാസ്റ്ററുടെ വിധവ ശ്രീമതി ഭാരതിക്കും, പ്രശസ്ത മാപ്പിളപ്പാട്ട് കലാകാരനും കേരള ഫോക് ലോർ അക്കാദമി വൈസ് ചെയർമാനുമായിരുന്ന എരഞ്ഞോളി മൂസയുടെ വിധവ ശ്രീമതി. കുഞ്ഞാമിക്കും പ്രതിമാസം 4000//- രൂപ വീതം അനുവദിച്ചിട്ടുണ്ട്. |
| 10 | ചികിത്സാ ധനസഹായം | 49.85 | അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്ക് അടിയന്തിര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 49,85,000/- രൂപ ചികിത്സാ ധനസഹായമായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത് വരെ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| 11 | **സാംസ്കാരിക കേന്ദ്രങ്ങൾ, സ്മാരകങ്ങൾ 1505.81 (ചെലവ് ലക്ഷത്തിൽ)** | | |
| 11.1 | രക്തസാക്ഷ്യം 2018 – ആചരണവും | 266.00 | മഹാത്മ ഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വാചരണത്തിന്റെ ഭാഗമായി മുന്നിലധികം |

| | | | |
|---|---|---|---|
| [illegible] | ശബരി ആശ്രമ നവീകരണവും | | ദിവസങ്ങൾ നീണ്ടുനിന്ന പ്രദർശനങ്ങൾ, സെമിനാറുകൾ, ചർച്ചകൾ, പൊതുസമ്മേളനങ്ങൾ എന്നിവകൊണ്ട് സമ്പന്നമായ ആചരണ പരിപാടികൾ, ഗാന്ധിജിയുടെ സന്ദർശനം കൊണ്ട് പുകൾപെറ്റ പയ്യന്നൂർ, തവനൂർ, പാലക്കാട്, വൈക്കം, വെങ്ങാനൂർ എന്നീ സ്ഥലങ്ങളിൽ രക്തസാക്ഷ്യം-18 എന്ന പേരിൽ സംഘടിപ്പിച്ചു. മാത്രമല്ല, ഗാന്ധിജി തന്റെ പത്നി കസ്തൂർബാ ഗാന്ധിയോടൊപ്പം താമസിച്ച പാലക്കാട് ജില്ലയിലെ ശബരി ആശ്രമത്തിൽ ആൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ മന്ദിരം, ഒരു കോൺഫറൻസ് പ്രാർത്ഥനാ ഹാൾ, ഓഫീസ് മുറി, 2 വിശ്രമ മുറികൾ, ഒരു ഗ്രന്ഥശാല എന്നിവ നിർമ്മിച്ച് ഉദ്ഘാടനം ചെയ്തു. |
| 11.2 | മഹാകവി ഒളപ്പമണ്ണ സ്മാരകം, പെരിങ്ങോട്ടുകുറിശ്ശി | 75.00 | മലയാളത്തിലെ പ്രശസ്ത കവിയും, കേരള കലാമണ്ഡലത്തിന്റെ അദ്ധ്യക്ഷനുമായിരുന്ന ശ്രീ. ഒളപ്പമണ്ണ സുബ്രഹ്മണ്യം നമ്പൂതിരിപ്പാടിന്റെ നാമധേയത്തിൽ ഒരു സ്മാരക മന്ദിരത്തിന്റെ നിർമ്മാണോദ്ഘാടനം നടത്തി. |
| 11.3 | ബ്രഹ്മാനന്ദ ശിവയോഗി സ്മാരകം | 50.00 | സാമൂഹ്യ പരിഷ്കർത്താവും ആത്മീയ ഗുരുവുമായിരുന്ന ശ്രീ. ബ്രഹ്മാനന്ദ ശിവയോഗിയുടെ സ്മാരക മന്ദിരം പാലക്കാട് ജില്ലയിലെ ആലത്തൂരിൽ ശിലാസ്ഥാപനം നടത്തി. |
| 11.4 | പട്ടിക്കാംതൊടി രാവുണ്ണിമേനോൻ സ്മാരകം, വെള്ളിനേഴി | 10.00 | ആധുനിക കഥകളിയുടെ പിതാവും കഥകളി നടനും കഥകളി നടനുമായ പട്ടിക്കാംതൊടി രാവുണ്ണിമേനോന്റെ സ്മരണാർത്ഥം പാലക്കാട് ജില്ലയിലെ വെള്ളിനേഴിയിൽ ഒരു സ്മൃതി മണ്ഡപവും കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. |
| 11.5 | കെ. പി. കേശവമേനോൻ സ്മാരകം | 50.00 | അറിയപ്പെടുന്ന ഗാന്ധിയനായിരുന്ന കെ. പി. കേശവമേനോന്റെ പേരിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന കെ. പി. കേശവമേനോൻ സ്മാരകത്തിന്റെ നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ട്. |
| 11.6 | എം. ഡി. രാമനാഥൻ സ്മാരകം | 50.00 | പദ്മശ്രീ പുരസ്കാര ജേതാവും പ്രമുഖ കർണ്ണാടക സംഗീതജ്ഞനുമായ എം.ഡി.രാമനാഥ ഭാഗവതരുടെ സ്മാരകം പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ ഉദ്ഘാടനം നിർവ്വഹിച്ചു. |

| | | | |
|---|---|---|---|
| 11.7 | ഇന്ദുചൂഡൻ സ്മാരകം | 25.00 | കേരളത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഇന്ദുചൂഡൻ എന്ന അപര നാമധേയത്തിൽ അറിയപ്പെട്ടിരുന്ന ശ്രീ. കെ. കെ. നീലകണ്ഠന്റെ ചിരസ്മരണാർത്ഥം ജന്മനാടായ കാവശ്ശേരിയിൽ പണികഴിപ്പിക്കുന്ന സ്മാരകത്തിന്റെ നിർമ്മാണോദ്ഘാടനം കഴിഞ്ഞു. |
| 11.8 | ഒ.വി. വിജയൻ സ്മാരക മന്ദിരം | 200.00 | ഒ.വി. വിജയൻ സ്മാരകം ജനകീയമാക്കി സഞ്ചാരികളേയും സാഹിത്യകുതുകികളേയും ആകർഷിക്കാൻ പാകത്തിന് സജ്ജമാക്കി. മലയാള സാഹിത്യത്തിന്റെ അഭിമാനമായ ഖസാക്കിന്റെ ഇതിഹാസ നായകന് തസ്റാക്കിൽ സ്മാരകം പണിതത് ഈ സർക്കാരിന്റെ കാലത്താണ്. |
| 11.9 | മഹാകവി പി സ്മാരകം, കൊല്ലങ്കോട് | 24.70 | കാല്പനികമായി കവിയായ പി. കുഞ്ഞിരാമൻ നായരുടെ പാലക്കാട്ടുള്ള കൊല്ലങ്കോട് എന്ന സ്ഥലത്ത് പണികഴിപ്പിക്കുന്ന സ്മാരകമായ കളിയച്ഛൻ മന്ദിരത്തിന്റെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയായി. |
| 11.10 | ആലത്തൂർ ആർ. കൃഷ്ണൻ | 10.00 | പാലക്കാട് കർഷക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ജില്ലയിലെ പ്രധാന നേതാക്കളിൽ ഒരാളും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്ന ആലത്തൂർ ആർ. കൃഷ്ണന്റെ സ്മരണയ്ക്കായി ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. |

## II സാംസ്കാരിക വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നം: | പദ്ധതി /പരിപാടിയുടെ പേര് | ചെലവ് (ലക്ഷത്തിൽ) | നിറവേറ്റിയ ലക്ഷ്യം |
|---|---|---|---|
| 1 | മലയാളം മിഷന്റെ പദ്ധതികൾ | 508.15 | മലയാളം മിഷന്റെ കീഴിൽ മലയാണ്മ, സുവനീർ ഷോപ്പ്, റേഡിയോ മലയാളം & റേഡിയോ സ്റ്റുഡിയോ, പ്രവാസികൾക്ക് മലയാളം ഓൺലൈനായി പഠിക്കുന്നതിന് മാസ്സീവ് ഓപ്പൺ ഓൺ ലൈൻ കോഴ്സ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. പരിമിതമായ പ്രവർത്തന മേഖല മാത്രമുണ്ടായിരുന്ന മലയാളം മിഷന് നിലവിൽ 24 സംസ്ഥാനങ്ങളിലും 42 വിദേശ രാജ്യങ്ങളിലും ചാപ്റ്ററുകൾ തുറക്കാൻ കഴിഞ്ഞു. |

| | | | |
|---|---|---|---|
| | ഫോക് ലോർ അക്കാദമിയുടെ പദ്ധതികൾ | 311.86 | അന്യം നിന്നു പോകുന്ന നാടൻ കലകൾ പുതു തലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിന് പന്ത്രണ്ട് വയസ്സ് മുതൽ പതിനഞ്ചു വയസ്സുവരെയുള്ള നാടൻ കലകൾ പഠിക്കുന്ന കുട്ടികൾക്ക് സ്റ്റൈപ്പന്റ്, സ്കൂൾ ഫോക്‌ലോർ ക്ലബ്ബ്, കോളേജ് ഫോക്‌ലോർ ക്ലബ്ബ്, ഗുരുശ്രേഷ്ഠരുമുള്ള നാട്യത്തിൽ പരം വംശീയ കലകൾ അവതരിപ്പിക്കുന്ന ശില്പശാല, തുടങ്ങിയ പരിപാടികൾ അവതരിപ്പിച്ചു. |
| 3 | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 849.39 | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം, പുസ്തകശാലകളുടെ നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. |
| 4 | കേരള സംഗീതനാടക അക്കാദമി | 1456 | ഇറ്റ്ഫോക് അന്താരാഷ്ട്ര നാടകോത്സവം; അമച്വർ പ്രൊഫഷണൽ നാടകോത്സവങ്ങൾ, കഥകളി-കഥാപ്രസംഗ - സംഗീത ഉത്സവങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചു. |
| 5 | കേരള ലളിതകലാ അക്കാദമി | 1631.83 | അക്കാദമിയുടെ ആഭിമുഖ്യത്തിൽ വിവിധ കലാപരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ എറണാകുളത്ത് പരമിനി ആർട്ട് ഗ്യാലറിയുടെ നിർമ്മാണം പൂർത്തിയാക്കുകയുണ്ടായി. |
| 6 | കേരള ചലച്ചിത്ര അക്കാദമി | 2920.71 | ലോകോത്തര മേളകളോട് കിടപിടിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്ര മേളകൾ വിജയകരമായി നടത്തി സിനിമയെ കൂടുതൽ ജനപ്രിയമാക്കി. കഴക്കൂട്ടത്ത് ചലച്ചിത്ര അക്കാദമിക്ക് സ്വന്തം ആസ്ഥാന മന്ദിരം നിർമ്മിച്ചു. അനശ്വര നടൻ സത്യന്റെ സ്മാരകമായി കഴക്കൂട്ടത്ത് ഫിലിം സ്റ്റഡി റിസർച്ച് സെന്റർ ആന്റ് ഡിജിറ്റൽ ആർക്കൈവ്സ് (CIFRA - Centre for International Film Research and Archives) ആരംഭിച്ചു. |
| 7 | വാസ്തുവിദ്യാ ഗുരുകുലം | 56.97 | തിരുവനന്തപുരം അനന്തവിലാസം കൊട്ടാരം, ആറന്മുള എന്നിവിടങ്ങളിൽ മ്യൂറൽ ആർട്ട് ഗ്യാലറികൾ, പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ ഗ്രാഫിക്കൽ ഡോക്യുമെന്റേഷൻ, വാസ്തുവിദ്യാ കോഴ്സുകൾ, ചുമർചിത്ര കോഴ്സുകൾ തുടങ്ങിയവ പൂർത്തിയാക്കുകയുണ്ടായി. |
| 9 | പൈതൃക പഠന കേന്ദ്രം | 211.5 | കേരളത്തിൽ അങ്ങോളമിങ്ങോളം വെള്ളപ്പൊക്കക്കെടുതിയിൽ പെട്ട് പൊതുജനങ്ങളുടെ പതിനായിരത്തിലധികം രേഖകൾ ശാസ്ത്രീയ സംരക്ഷണത്തിലൂടെ കേടുപാടുകൾ തീർത്ത് വീണ്ടെടുത്തു നൽകി. ഭാരതത്തിന്റെ ചികിത്സാ പാരമ്പര്യത്തെ സംബന്ധിച്ച് വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പ്രയോജനപ്പെടും |

| | | | |
|---|---|---|---|
| | | | വിധം 'ചികിത്സാ പൈതൃകം ' ചിത്ര പ്രദർശനം സംഘടിപ്പിച്ചു. |
| 9 | ഗുരുഗോപിനാഥ് നടനഗ്രാമം | 184.63 | നൃത്തം തനിമയോടെ ആസ്വദിക്കാൻ ഡിജിറ്റൽ ഡാൻസ് തീയേറ്റർ (എക്സ്പീരിയൻസ് ഗ്യാലറി) ദേശീയ നൃത്തമ്യൂസിയം പശ്ചാത്തല വികസനം തുടങ്ങിയവ പൂർത്തിയാക്കി. കൂടാതെ പടവുകൾ എന്ന പേരിൽ സർക്കാർ സ്കൂളുകളിൽ കലാഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് നൃത്ത സംഗീത കലകളിൽ സൗജന്യ പരിശീലനം നൽകി. |
| 10 | കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, തോന്നയ്ക്കൽ | 60.87 | പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമൻ നിർമ്മിച്ച മഹാകവി കുമാരനാശാന്റെ പൂർണ്ണകായ വെങ്കല പ്രതിമ സ്ഥാപിച്ച് അനാച്ഛാദനം ചെയ്തു. ജീർണ്ണാവസ്ഥയിലായിരുന്ന ആശാൻ സ്മാരകമന്ദിരം നവീകരിച്ച് സന്ദർശകർക്കായി തുറന്ന് കൊടുത്തു. പ്രസിദ്ധീകൃതമായതിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന ചിന്താവിഷ്ടയായ സീത, പ്രരോദനം എന്നീ ആശാൻ കൃതികളുടെ ശതാബ്ദി പ്രതി പുറത്തിറക്കി. ദേശീയ തലത്തിൽ വിവിധ വിഷയങ്ങളെ അധികരിച്ച് ദേശീയ സാംസ്കാരികോത്സവം സംഘടിപ്പിച്ചു. |
| 11 | മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, കൊണ്ടോട്ടി | 90.13 | അക്കാദമിയിൽ 30000 മാപ്പിളപ്പാട്ടുകളുടെ വിപുലമായ ആർക്കൈവ്സും അറബി മലയാളം സാഹിത്യത്തിന്റെ ലൈബ്രറിയുമടക്കം വികസനം |
| 12 | കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് | 257.6 | ഡൽഹി, ഹൈദരാബാദ്, ചെന്നൈ തുടങ്ങിയ വൻ നഗരങ്ങളിൽ പൈതൃ കോത്സവങ്ങൾ നടത്തി. 'ഗാന്ധി സ്മൃതിയാത്ര ' കന്യാകുമാരി മുതൽ കാസർഗോഡ് വരെ സഞ്ചരിക്കുന്ന പുസ്തകശാല പുസ്തക മേളകൾ നടത്തി. |
| 13 | കേരള സാഹിത്യ അക്കാദമി | 822 | സാംസ്കാരിക രംഗത്തെ നവീകരിക്കുവാനും സാംസ്കാരിക ശൂന്യതകളിലൂടെ കടന്നുവരുന്ന അനാരോഗ്യകരമായ പ്രവണത കളെ പ്രതിരോധിക്കുവാനും എഴുത്തിന്റെ ലോകത്ത് വരുന്ന പുതു പ്രവണതകളെ പരിചയപ്പെടുത്തുവാനും പുതുതലമുറയെ സാഹിത്യ രചനയിലേയ്ക്ക് പ്രത്യാനയിക്കാനും ഉദ്ദേശിച്ചു കൊണ്ട് സാഹിത്യ സെമിനാറുകളും സംവാദങ്ങളും അനുസ്മരണങ്ങളും ശില്പശാലകളും സംഘടിപ്പിക്കുകയുണ്ടായി. അക്കാദമി ഗ്രന്ഥ ശേഖരവും ആനുകാലിക ശേഖരവും അക്കാദമിയിൽ ലഭ്യമല്ലാത്ത മറ്റ് ഡേറ്റാ ശേഖരങ്ങളും ഡിജിറ്റലൈസേഷൻ നടത്തി ഓൺലൈനിൽ ലോക മെമ്പാടുമുള്ള മലയാളി വായനക്കാർക്ക് ലഭ്യമാക്കുന്നതിന് നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു. |
| 14 | വൈലോപ്പിള്ളി സംസ്കൃതി ഭവൻ | 265.89 | കേരളത്തിലെ വൈവിധ്യമാർന്ന കലകളെയും കലാരൂപങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന്റെയും വ്യത്യസ്തങ്ങളായ കലാരൂപങ്ങൾ ആസ്വദിക്കാൻ ജനങ്ങൾക്ക് അവസരമൊരുക്കുന്നതിന്റെയും ഭാഗമായി ഒരു മാസത്തിൽ നാല് മുതൽ അഞ്ചു ദിവസം വരെ നീണ്ടു നിൽക്കുന്ന സംസ്കൃതി സാംസ്കാരികോത്സവം എന്ന പേരിൽ പ്രതിമാസ പരിപാടിയായി സംഘടിപ്പിച്ച് വരുന്നു. വൈലോപ്പിള്ളി സംസ്കൃതി ഭവൻ സംസ്ഥാനത്തിന്റെ ഒട്ടാകെയുള്ള കലാസാംസ്കാരിക സാഹിത്യ രംഗത്തെ പ്രതിഭകളുടെ സംഗമ ഭൂമിയാക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി സംസ്കൃതി പ്രതിമാസ സാംസ്കാരികോത്സവം സംഘടിപ്പിച്ചു വരുന്നു. കൂടാതെ ഓപ്പൺ എയർ ഓഡിറ്റോറിയം, കൂത്തമ്പലം, മറ്റ് കെട്ടിടങ്ങളുടെ നവീകരണം എന്നിവ നടത്തി വരുന്നു. |
| 15 | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 518.12 | ഈ കാലഘട്ടത്തിൽ കുട്ടികൾക്കായി 248 ഓളം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇത് കൂടാതെ എല്ലാ ജില്ലകളിലും കുട്ടികൾക്കായി തളിര് വായനാ മത്സരങ്ങൾ , ബാലസാഹിത്യകാരന്മാരുടെ ശില്പശാല, പുസ്തക പ്രദർശനങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചു. |
| 16 | കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | 340.33 | 20 വാല്യങ്ങളുള്ള ഗ്രന്ഥ പരമ്പരയാണ് സർവ്വവിജ്ഞാനകോശം. അതിൽ 17 വാല്യങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുകയും 1 മുതൽ 10 വരെയുള്ള വാല്യങ്ങളുടെ പരിഷ്കരണം പൂർത്തിയാക്കുകയും ചെയ്തു. കൂടാതെ വിഷയാധിഷ്ഠിത വിജ്ഞാനകോശങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു വരുന്നു. വിശ്വസാഹിത്യ വിജ്ഞാനകോശം, പരിണാമ വിജ്ഞാനകോശം, ജ്യോതിശാസ്ത്ര വിജ്ഞാനകോശം, പരിസ്ഥിതി വിജ്ഞാനകോശം തുടങ്ങിയവ ഉദാഹരണങ്ങളാണ്. |
| 17 | അന്തർദേശീയ ശ്രീനാരായണഗുരു പഠനകേന്ദ്രം | 65 | സഹോദരൻ അയ്യപ്പൻ പന്തിഭോജനം നടത്തിയതിന്റെ 100-ാം വാർഷികത്തിന് പന്തിഭോജന സ്മൃതി സംഗമം സംഘടിപ്പിച്ചു. ദേശീയ അന്തർ ദേശീയ തലത്തിൽ ഗുരുദർശനത്തെക്കുറിച്ചും ഗുരുകൃതികളെക്കുറിച്ചും അറിവ് പകരുന്നതിനായി ഹ്രസ്വകാല കോഴ്സുകൾ സംഘടിപ്പിച്ചു. |
| 18 | കേരള സംസ്ഥാന സാംസ്കാരിക | 122.5 | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് നൽകുന്ന പെൻഷൻ 1000 രൂപയിൽ നിന്നും മൂവായിരം രൂപയായും പിന്നീട് അത് 4000 രൂപയായും വർദ്ധിപ്പിച്ചു. |

| | | | |
|---|---|---|---|
| | പ്രവർത്തക ക്ഷേമനിധി ബോർഡ് | | |
| 19 | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ | 4146 | തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോയും കലാഭവൻ ഡിജിറ്റൽ സ്റ്റുഡിയോയും നവീന സാങ്കേതിക വിദ്യയ്ക്കനുസരിച്ച് പുതുക്കി പണിത് കൂടുതൽ സിനിമാ നിർമ്മാതാക്കളെ ഇവിടേക്ക് ആകർഷിക്കുവാൻ സാധിച്ചു. വടക്കൻ പറവൂർ, ചിറ്റൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ കോർപ്പറേഷന്റെ തീയേറ്ററുകൾ നവീകരിച്ചു. തമ്പാനൂർ KSRTC ബസ് ടെർമിനലിൽ ലെനിൻ സിനിമാസ് എന്ന പേരിൽ ആധുനിക തിയേറ്റർ പ്രവർത്തനമാരംഭിച്ചു.<br><br>വനിതാ ശാക്തീകരണ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ KSFDC യുടെ നേതൃത്വത്തിൽ വനിതകളുടെ സംവിധാനത്തിൽ നിർമ്മിക്കുന്ന രണ്ട് സിനിമാ നിർമ്മാണ പദ്ധതികൾ നടപ്പാക്കി. |